**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **13-09-2023 - ൽ മറുപടിയ്ക്ക്**

**അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ, ആർ.ടി.ഒ , കെ. എസ്.ഇ.ബി, കെ.ഡബ്ല്യൂ. എ തുടങ്ങിയ ബോർഡുകൾ/അതോറിറ്റികൾ എന്നീ സ്ഥാപനങ്ങളിലെ കൈക്കൂലിയും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാനും കുറ്റക്കാർക്കെതിരെ ടെർമിനേഷൻ ഉൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാനും കൈക്കൊണ്ടുവരുന്ന വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകൾ, ആർ.ടി.ഒ, കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ തുടങ്ങിയ ബോർഡുകൾ/അതോറിറ്റികൾ എന്നിവിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ മിന്നൽ പരിശോധനകൾ നടത്തി കണ്ടെത്തുന്ന ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഉചിതമായ വകുപ്പുതല നടപടികൾക്ക് ശിപാർശ നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്തുവരുന്നുണ്ട്. ടെർമിനേഷൻ ഉൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ ബന്ധപ്പെട്ട വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | അഴിമതി കേസുകളിൽ ഉൾപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ അന്വേഷണ ഉദ്യോഗസ്ഥരെ സ്വാധീനിച്ചും കോടതി വ്യവഹാരങ്ങളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വീണ്ടും സർവ്വീസിൽ കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കഴിഞ്ഞ 5 വർഷത്തിൽ എടുത്ത കേസുകൾ, കുറ്റക്കാരായി കണ്ടെത്തിയവർ, ശിക്ഷാ നടപടികൾക്ക് വിധേയരായവർ, സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടവർ, തീരുമാനമാകാതെ കിടക്കുന്ന കേസുകൾ എന്നി വിവരങ്ങൾ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | (സി) | ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ